

DEPUTY SPEAKER

# N. SUNDARAN NADAR

Shri N. Sundaran Nadar, renowned Congressman and a people's leader, also has the distinction of adorning the Chairs of Minister in the Government and Deputy Speaker of Kerala Legislative Assembly. He was born on September 10, 1931, as the son of Shri Nallathampy and Smt. Lekshmi. Hailing from a serene and picturesque village, Chenkel, in Thiruvananthapuram District and possessing all attributes of a simple unassuming villager, it is no wonder that he has made his mark as a champion of the downtrodden, knowing the pulse of the average man.

A law graduate of the Kerala University, his political activities had started from the school days itself. Subsequently, entering

Government Service as Gram Sevak during 1954, he resigned the job in 1960. At the initial stages of his political activity, he was an active member of the Communist Party and his membership in that party lasted till 1964.

Later he joined the Indian National Congress and was its Parassala Block Committee President. Subsequently, he became the Vice President of Thiruvananthapuram District Congress Committee and KPCC member. During the period 1987-90 he was an executive member in Kerala Pradesh Congress Committee. From 1970 he acted as Parassala Block Development Committee Chairman for more than 10 years.

Shri N. Sundaran Nadar's Legislative career began in 1980 with his election to the sixth Kerala Legislative Assembly from Parassala Constituency, under the INC (I) ticket. Representing the same constituency in the seventh KLA (1982-87), tenth KLA (1996-2001), and eleventh KLA (2001- 06), Shri N. Sundaran Nadar served as the Minister for Transport from September 1, 1983 to March 25, 1987 in the 13th Cabinet headed by Shri. K. Karunakaran. He was elected as the Deputy Speaker of the eleventh Kerala Legislative Assembly on July 4, 2001 and continued till May 12, 2006. He performed the duties of the Speaker from September 4, 2004 to September 15, 2004 after the resignation of Shri. Vakkom Purushothaman as Speaker of KLA.

During 1993 – 96 he was also the Chairman of KELPAM.

Smt. K. Baby Sarojam was his wife and they have two sons and one daughter.

Shri Sundaran Nadar passed away on January 21, 2007.

The Assembly paid homage to him on March 28, 2007.



ഡെപ്യൂട്ടി
സ്പീക്കർ

# എൻ. സുന്ദരൻ നാടാർ

പ്രഖ്യാതനായ കോൺഗ്രസ്സ് നേതാവും സാധാരണ ക്കാരോടൊപ്പം നിന്ന ജനനായകനുമായിരുന്നു ശ്രീ. സുന്ദരൻ നാടാർ. അദ്ദേഹം മന്ത്രി എന്ന നിലയിലും നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ എന്ന നിലയിലും പ്രവർത്തിച്ചിട്ടുള്ള വ്യക്തിക ളിലൊരാളാണ്. ശ്രീ. നല്ലതമ്പിയുടെയും ശ്രീമതി ലക്ഷ്മിയുടെയും പുത്രനായി 1931 സെപ്റ്റംബർ 10-ാം തീയതി അദ്ദേഹം ജനിച്ചു. തിരുവനന്തപുരം ജില്ലയിലെ പ്രശാന്തവും പ്രകൃതിരമണീയവുമായ ചെങ്കൽ എന്ന ഗ്രാമത്തിൽ വളർന്ന ശ്രീ. സുന്ദരൻ നാടാർക്ക് നാട്യങ്ങളൊന്നുമില്ലാത്ത ഒരു സാധാരണ നാട്ടിൻപുറത്തുകാരന്റെ എല്ലാം നന്മകളും ഉൾക്കൊള്ളാനും ശരാശരി മനുഷ്യന്റെ ഹൃദയ ത്തുടിപ്പുകൾ തൊട്ടറിയാനും പാവപ്പെട്ടവന്റെ

പടത്തലവനാകാനും കഴിഞ്ഞതിൽ അത്ഭുതത്തിനവകാശമില്ല.

കേരള സർവ്വകലാശാലയിൽ നിന്നും നിയമ ബിരുദം കരസ്ഥമാക്കിയിട്ടുള്ള ശ്രീ. സുന്ദരൻ നാടാർ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ രാഷ്ട്രീയ ജീവിതത്തിന് തുടക്കം കുറിച്ചിരുന്നു. തുടർന്ന് 1954-ൽ ഗ്രാമസേവകനായി സർക്കാർ സർവ്വീസിൽ പ്രവേശിച്ചെങ്കിലും 1960-ൽ ഉദ്യോഗം രാജി വയ്ക്കുകയാണുണ്ടായത്. പൊതുജീവിതത്തിന്റെ പ്രാരംഭഘട്ടത്തിൽ അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു സജീവ പ്രവർത്തകനായിരുന്നു. 1964 വരെ അദ്ദേഹം പാർട്ടി അംഗത്വം നിലനിർത്തുകയും ചെയ്തു.

പിന്നീട് അദ്ദേഹം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ അംഗത്വം സ്വീകരിക്കുകയും പാർട്ടിയുടെ പാറശ്ശാല ബ്ലോക്ക് കമ്മിറ്റി പ്രസിഡന്റാകുകയും ചെയ്തു. തുടർന്ന് അദ്ദേഹം തിരുവനന്തപുരം ഡി.സി.സി. വൈസ് പ്രസിഡന്റ്, കെ.പി.സി.സി. അംഗം എന്നീ നിലകളിലേക്ക് ഉയർന്നു. 1987-90 കാലയളവിൽ കെ.പി.സി.സി. യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായിരുന്നു അദ്ദേഹം. 1970 മുതൽ പത്തുവർഷക്കാലം പാറശ്ശാല ബ്ലോക്ക് ഡെവലപ്മെന്റ് കമ്മിറ്റി ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചു.

1980-ൽ ശ്രീ. സുന്ദരൻ നാടാർ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് (ഐ) ടിക്കറ്റിൽ പാറശ്ശാല മണ്ഡലത്തിൽ നിന്ന് ആറാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. അതേ മണ്ഡലത്തിന്റെ പ്രതിനിധിയായിട്ടാണ് ഏഴാം കേരള നിയമസഭയിലേയ്ക്കും (1982-87), പത്താം കേരള നിയമസഭയിലേയ്ക്കും (1996-2001), പതിനൊന്നാം കേരള നിയമസഭയിലേയ്ക്കും (2001-06) അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. 1983 സെപ്റ്റംബർ 1 മുതൽ 1987 മാർച്ച് 25 വരെ അദ്ദേഹം ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ഗതാഗത വകുപ്പുമന്ത്രിയായി സേവനമനുഷ്ഠിച്ചു. 2001 ജൂലൈ 4-ന് അദ്ദേഹം പതിനൊന്നാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. 2006 മേയ് 12 വരെ അദ്ദേഹം പ്രസ്തുത പദവിയിൽ തുടർന്നു. ശ്രീ. വക്കം പുരുഷോത്തമന്റെ രാജിയെത്തുടർന്ന് 2004 സെപ്റ്റംബർ 4 മുതൽ 15 വരെ അദ്ദേഹം സ്പീക്കറുടെ ചുമതലകൾ നിർവ്വഹിച്ചു.

1993-96 കാലയളവിൽ കെൽപാം ചെയർമാനായി ശ്രീ. സുന്ദരൻ നാടാർ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ശ്രീമതി കെ. ബേബി സരോജമായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് രണ്ട് പുത്രന്മാരും ഒരു പുത്രിയുമാണുള്ളത്.

2007 ജനുവരി 21-ന് ശ്രീ. സുന്ദരൻ നാടാർ നിര്യാതനായി. 2007 മാർച്ച് 28-ന് സഭ അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചു.